"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം -ശ്രീമതി. ആശാമോൾ വി.എം, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2, ധനകാര്യ വകുപ്പ് എന്നയാളെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ- ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1158/2023/LSGD തീയതി,തിരുവനന്തപുരം, 03-06-2023

---

പരാമർശം:-
1. 10.05.2013-തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. സ.ഉ (പി) നം. 580/2013/ധന തീയതി 28.11.2013.
3. 27.12.2022-ലെ ഐ.എ1/483/2022/തസ്വഭവ നമ്പർ കത്ത്.
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.04.2023-തീയതിയിലെ 11003/ഇ1/2022/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്

**ഉത്തരവ്**

കുടുംബശ്രീയുടെ വിവിധ ജില്ലാ മിഷനുകളിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിലുള്ള ഒഴിവുകൾ നികത്തുന്നതിനായി 37400 - 79000 ശമ്പള സ്കെയിലിൽ നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചതിൻ പ്രകാരം അംഗീകൃത സ്കെയിലിലുള്ളവരുടെ എണ്ണം വളരെ കുറവായതിനാലും ഹയർ സ്കെയിലിലുള്ളതും ലോവർ സ്കെയിലിലുള്ളതുമായ അപേക്ഷകരാണ് കൂടുതൽ ഉള്ളത് എന്നതിനാലും അംഗീകൃത സ്കെയിലിലുള്ളവരേയും ലോവർ സ്കെയിലിലുള്ളവരേയും തിരഞ്ഞെടുക്കുന്നതിന് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതിൻ പ്രകാരം ശ്രീമതി. ആശാമോൾ വി.എം, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2, ധനകാര്യ വകുപ്പ് എന്നയാളെ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ആശാമോൾ വി.എം, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2, ധനകാര്യ വകുപ്പ് എന്നയാളെ കേരള സർവ്വീസ് റൂൾസ് ഭാഗം-1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി കുടുംബശ്രീ ഇടുക്കി ജില്ലാ

മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ശ്രീമതി. ആശാമോൾ വി.എം, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2, ധനകാര്യ വകുപ്പ്

(ധനകാര്യ ഭരണം-ബി വകുപ്പ് മുഖേന)

ധനകാര്യ (ഭരണം-ബി) വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No. IA1/194/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 12-06-2023 14:26:53
സെക്ഷൻ ഓഫീസർ